# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3449** **12/12/2014** ൽ മറുപടിയ്ക്ക്

## റബ്ബർ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) റബ്ബർ സംഭരണത്തിനായി സർക്കാർ അനുവദിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ; | (എ) കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തിരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2013 - 14 ൽ വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ (കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ) 4 കോടി രൂപ കൃഷി വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 23/10/2014 ലെ സ.ഉ (സാധാ) നം.576/2014/സഹ പ്രകാരം 5 കോടി രൂപ സംഭരണ ഏജൻസികൾക്ക് സഹകരണ വകുപ്പ് അനുവദിച്ചിട്ടുണ്ട്. |
| (ബി) ഏത് ഏജൻസിക്കാണ് ഫണ്ട് നൽകിയതെന്നും; അതിൽ എത്ര ചെലവഴിച്ചു എന്നും വിശദമാക്കാമോ? | (ബി) സംഭരണ ഏജൻസികൾക്ക് കൈകാര്യച്ചെലവ് നൽകുന്നതിനായി 4 കോടി രൂപ കൃഷി വകുപ്പ് അനുവദിച്ചിട്ടുണ്ട്. കൈകാര്യച്ചെലവ് ഇനത്തിൽ മാർച്ച് മാസം വരെ റബ്ബർമാർക്കിന് 6,58,212/- രൂപയും മാർക്കറ്റ്ഫെഡിന് 1,75,574/- രൂപയും നൽകിയിട്ടുണ്ട്. 2014-15ൽ സംഭരണചെലവിനായി കൃഷി വകുപ്പിൽ നിന്നും 5 കോടി രൂപ മാർക്കറ്റ്ഫെഡിനും 5 കോടി രൂപ റബ്ബർമാർക്കിനും നൽകിയതിൽ മാർക്കറ്റ്ഫെഡ് 4,85,32,657 രൂപയും റബ്ബർമാർക്ക് മുഴുവൻ തുകയും ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ